യാത്രാനുഭവം

# നെല്ലിയാംപതിക്കാടുകളിൽ

ഡോ. ടി.വി സജീവ്



ചിറകു വിരിക്കാതെ മലമുകളിൽ നിന്ന് താഴേക്ക് എന്റെ മുകളിലൂടെ ഊളിയിട്ടുപോയ വേഴാമ്പൽ എയ്ത അമ്പിന്റെ ശബ്ദം.

വലിയ കിണ്ണത്തേക്കാൾ വലുപ്പത്തിലുള്ള കാൽചുവടുകളുമായി മലമുകളിലേക്ക് കയറിയും താഴേക്കിറങ്ങിയും. തെന്നിയും തെന്നാതെയും, വഴി തെളിച്ച് എനിക്കു മുന്നേ നടന്നു പോയ ഒരു കൊമ്പൻ.

"ദാ അവിടെ" എന്ന ശബ്ദം കേട്ട് നോക്കിയിട്ട്, കാണാതെ വീണ്ടും നോക്കി കരിയിലയിൽ നിന്നും വേർതിരിച്ച് കണ്ടെടുത്ത ഒരു ശലഭം. "എങ്ങനെയാണ് സുഹൃത്തേ നിങ്ങളിതിനെ കണ്ടത്?" എന്ന ചോദ്യത്തിനു മറുപടിയായി ബാലുവിന്റെ ചിരി.

രണ്ട് കുഞ്ഞു കിളികളിലേക്ക് ഭക്ഷണവുമായി വന്നും പോയുമിരുന്ന മുതിർന്ന കിളി. രണ്ടു കുഞ്ഞുങ്ങൾക്കുമിടയ്ക്ക് ഞാൻ കണ്ടെത്തിയ അവരുടെ വീട്. നനുത്ത, വേർതിരിച്ചറിയാനാവാത്ത കുഞ്ഞുകിളികളുടെ തൂവൽ. നിറം കനത്ത അമ്മ കിളിയുടെ പ്രൗഢമായ തൂവലുകൾ. കൂടിന്റെ ഭിത്തിയായുള്ള ചെറു നാരുകൾ. ചെറുദൂരം പറക്കുന്ന കുഞ്ഞുങ്ങളും ഏറെ പറന്നോടി വരുന്ന അമ്മക്കിളിയും. ചിലപ്പോഴൊക്കെ ശാസ്ത്രമെന്നത് മറ്റൊരു ജീവിയുടെ സ്വകാര്യതയിലേക്കുള്ള ഒളിഞ്ഞുനോട്ടമാണ്.

ജലപ്പുറത്തെ രോമകൂപങ്ങളിൽ വിഷം നിറച്ചു നിൽക്കുന്നുവെന്നതിനാൽ തട്ടാതെ, തൊടാതെ ഞാൻ വഴിമാറി നടന്ന ഒരു ചെടി.

പുറം തിരിഞ്ഞ് ഇണ ചേർന്ന്, മുന്നോട്ടും പിന്നോട്ടും ആൺവഴിയേയും പെൺവഴിയേയും ഒരു പോലെ നടക്കാനാവുന്ന ഇഫിറ്റകളെന്ന ഷഡ്പദങ്ങൾ.

മണ്ണൊലിച്ചുപോയ മലമുകളിലെ തെളിഞ്ഞ പാറയിലേക്ക് താഴെ നിന്ന് അരിച്ചുകയറുന്ന കാട്.

അരുവിയിലൊഴുകുന്ന ഒരിലയെടുത്ത് അതിന്റെ മറുപുറത്ത് ഒട്ടിച്ചു ചേർച്ച മറ്റൊരില കാണിച്ചുതന്ന് പിന്നെ അവ രണ്ടും അടർത്തിമാറ്റി അതിനിടയിലെ ന്യൂറോപ്റ്ററൻ പുഴുവിനെ കാണിച്ചുതന്ന് ജീവശാസ്ത്ര കഥനമാരംഭിച്ച അനൂപ്.

പുകക്കറയേറ്റ് അളവുകുറഞ്ഞ ശ്വാസകോശം അനുവദിക്കുന്നതിനേക്കാൾ മലകയറിയും ഇറങ്ങിയും കാൽപേശികൾ തളർന്നുവെന്നുറപ്പായപ്പോൾ എന്നെ താങ്ങിയ എന്റത്ര ഉയരമുള്ള ഒരു ഉരുളൻ വടി. പിന്നെയത് വിറകായി.

അകലെ താഴ്‌വാരവും അതിനപ്പുറം മലകളും എന്ന ഫ്രെയിമിനെ പല നിലയ്ക്ക് കമ്പോസ് ചെയ്യുന്ന മഞ്ഞ്. ഇത്തിരി വെയിലിൽ അലിഞ്ഞുമാറിയും വീണ്ടും വെയിലണയുമ്പോൾ ഊറിക്കൂടിയും ലാന്റ്സ്കേപ്പിനെ തെളിച്ചും മറച്ചും, മഞ്ഞ്, മനസ്സ് കൊണ്ട് ക്ലിക്ക് ചെയ്യുന്ന ക്യാമറയിൽ ദൃശ്യമാകയും ഏറ്റെടുക്കുന്ന എന്റെ പ്രിയപ്പെട്ട മത്സ്യമിഴി ലെൻസ്. ചിലപ്പോഴൊക്കെ അങ്ങനെയാണ്. ക്യാമറ ക്ലിക്ക് ചെയ്യുക വിരലുകൊണ്ടാവും. മറ്റു ചിലപ്പോ മനസ്സ് കൊണ്ടും. ആദ്യത്തേത് ദൃശ്യങ്ങളെ ഫ്രീസ് ചെയ്യിക്കും. മനസ്സ് കൊണ്ടാവുമ്പോൾ ഫ്രെയിമിനു മുന്നിലേക്കും പിന്നിലേക്കും മുകളിലേക്കും താഴേക്കും പടർന്ന് കയറുന്ന ജീവനുള്ള, ഫ്രീസ് ചെയ്യാനാവാത്ത ചിത്രങ്ങളും.

അരുവിയുടെ അടിയത്രയും പാറയാണ്. ഒരിക്കൽ നിറഞ്ഞൊഴുകിയതിന്റെ അതിരുകൾ കാണാം. എന്നാലിപ്പോൾ

പരന്ന് അരുവിയുടെ പകുതി വീതിയിൽ ഒഴുകുന്ന വെള്ളം. ചിലപ്പോഴൊക്കെ വെള്ളനിറത്തിലും. അല്ലാച്ചാൽ നിറമില്ലാതെയും. ഞാൻ നിൽക്കുന്നതിനു കുറച്ചു താഴെ അങ്ങു താഴേക്ക് വലിയൊരു ഗർത്തമാണ്. പാറയോട് ചേർന്നൊഴുകിവരുന്ന വെള്ളമത്രയും പാറയിൽനിന്ന് പിടിവിട്ട് വായുവിലൂടെ താഴേക്ക്. താഴെ ഒന്നിത്തിരി കെട്ടിനിന്ന് പിന്നെയും ഒഴുകാവുന്ന പോലെയുള്ള ഒരു ചെറു തടാകം. അതിനു കുറുകെ പണ്ടെന്നോ വന്നുവീണ് കാലും തലയും പാറകളിൽ ഉടക്കി ബാക്കിയത്രയും വായുവിൽ നഗ്നമായി കിടന്നുപോയ ഒരു മരം തൊലിയില്ലാതെ. ചെറു തടാകത്തിന്റെ വൃത്തത്തെ ചരിച്ചു മുറിച്ച് രണ്ടു പകുതിയായി വിടുവിയൻ മനുഷ്യനെ എന്ന പോലെ ദൃഢപേശികളുമായി ആ മരം.

ഇപ്പോൾ വെള്ളം പാറയിൽ നിന്നകന്ന് പറക്കാൻ തുടങ്ങുന്നിടത്താണ്. ഇവിട നിൽക്കുമ്പോൾ മനസ്സ്, പാറയും ചെരുപ്പില്ലാ പാദങ്ങളും തമ്മിലുള്ള സ്പർശത്തെക്കുറിച്ച് ചിന്തിച്ചുപോകും. ഇരുവരും സ്നേഹമില്ലാ സ്പർശമെന്ന് തോന്നി തെറ്റിപിരിഞ്ഞാൽ ഞാനും പറക്കും. ജീവിതത്തിലെ ഏറ്റവും മനോഹരമായ ചിന്തയെ. അനുഭവത്തെ, അറിവിനെ, പ്രണയത്തെ, മനസ്സിലുറപ്പിച്ച് ശരീരത്തിലെ ഓരോ അണുവിലും ഞരമ്പിലും അത് നിറച്ച് ആ ഒരു ബിന്ദുവിലേക്ക് കാലത്തേയും സ്ഥലത്തേയും ചുരുക്കി കാലൊന്നയച്ചാൽ മൃതിയും മോക്ഷവും തരും. ഇവിടം.

തോളിലെ സ്പർശമറിഞ്ഞ് പുറകോട്ട് തിരിയുമ്പോൾ റാഷിദ്. കൈപ്പത്തിയുടെ നടുവിൽ ചുരുണ്ട് മരിച്ചു കിടക്കുന്ന, ചാരനിറമുള്ള കുറച്ചൊക്കെ വലുപ്പമുള്ള ഒരു ഉറുമ്പ്. അരുവിയിലെ വെള്ളമൊഴുകാത്ത ഭാഗത്ത് നിന്ന് കിട്ടിയതാണത്രെ അത്. "ഞാൻ നോക്കുമ്പോൾ ഇതിങ്ങിനെ മരിച്ചു കിടക്കുന്നു. ചുറ്റും എട്ട് പത്ത് ഉറുമ്പുകൾ. ചില നിമിഷങ്ങൾ അതിനു ചുറ്റും നിന്നിട്ട് അവരെല്ലാം പോയി. അടുത്ത നിമിഷം തന്നെ ഒരു ഉറുമ്പു വന്ന് ഇതിനെയുമെടുത്ത് താഴേക്ക് നടന്ന് കുറച്ചകലെ കൊണ്ടു വച്ചു. എന്നിട്ട് മടങ്ങി. അപ്പോൾ താഴെ നിന്നും മറ്റൊരുറുമ്പു വന്ന് ഇതിനെയെടുത്ത് നടന്ന് ഒഴുകുന്ന വെള്ളത്തിന് ഒരൽപം ദൂരെ വച്ച് തിരിച്ച് നടന്നു. ഞാനിതവിടെ നിന്നെടുത്തു. അവരിനിയും അങ്ങിനെ ചെയ്യുമോ എന്ന് നോക്കിയാലോ?"

മൃതിയുടെ അപ്പുറമെത്തിയ ഒരാൾക്ക് അതിനിപ്പുറം നിൽക്കുന്നവരുടെ അനുഷ്ടാനം. മരിച്ചെന്ന് ഉറപ്പുവരുത്തൽ. ചുറ്റുപാടും അന്വേഷിച്ചുവരൽ. ചിതയൊരുക്കുന്നവനെ(ളെ) തിരഞ്ഞെടുക്കലും തയ്യാറാകലും. രണ്ടു പേരായി പകുത്തെടുത്ത ഏതാംഗ ശവഘോഷയാത്രയുടെ ദൂരം. ഞാനായിട്ട് ഒഴുക്കിയില്ല എന്ന് പാപമേൽക്കാത്തത്ര ദൂരത്തിൽ, എന്നാൽ തുള്ളിക്കളിച്ച് ഒഴുകുന്ന ജലം ഒരു മാത്ര ഇത്തിരികൂടി കേറി ഒഴുകിയാൽ എടുത്തുകൊണ്ടു പോകാവുന്നത്ര മാത്രം ദൂരെ മൃതദേഹത്തെ കിടത്തൽ. മററുഷ്ടാനം നടത്തി. കുറച്ചുകൂടി വേഗത്തിൽ. പരീക്ഷണങ്ങളുടെ ആവർത്തനം ശാസ്ത്രത്തിന്റെ രീതിയാണ്. ചിലപ്പോഴൊക്കെ ശാസ്ത്രമെന്നത് മറ്റൊരു ജീവിയുടെ മനസ്സറിയലാണ്.

അരുവിയിൽ നിന്നെഴുന്നേറ്റ് നിത്യ ഹരിത വനത്തിലേക്ക് നടന്നേറുമ്പോൾ മുകളിലേക്ക് സൈബിൻ വിരൽ ചൂണ്ടി. അടുത്തടുത്തു നിൽക്കുന്ന മരങ്ങളുടെ ഇലച്ചാർത്തിനിടയ്ക്ക് കൃത്യമായ വീതിയിൽ ഒരു വഴി. അതിലൂടെ കാണാവുന്ന ആകാശം. വളരെ കാലമുണ്ടാകുമെന്നതിനാൽ വളരെ കരുതി ശ്രദ്ധയോടെ സൂക്ഷിക്കപ്പെടുന്നവയാണ് നിത്യ ഹരിത മരങ്ങളുടെ ഇലകൾ. ഒരു വർഷത്തിൽ താഴെ മാത്രം ആയുസുള്ള ഇലപൊഴിയും മരങ്ങളുടെ ഇലകൾ പോലെയല്ല അവ. വലുപ്പം കുറഞ്ഞ് തടിച്ച് നിറഞ്ഞ ആരോഗ്യത്തോടെ ഇലതീനികളിൽ നിന്ന് രക്ഷപ്പെടാൻ ഉള്ളിൽ വിഷമൂലകങ്ങൾ നിറച്ച് നിൽക്കുന്ന ഇലകളുടെ സംരക്ഷണം മരങ്ങൾക്ക് അത്യാവശ്യമാണ്. ഇലകളെല്ലാം ചേർന്നുണ്ടാകുന്ന ഇലച്ചാർത്ത് പടർന്ന് പന്തലിച്ച് കഴിയുന്നത്ര സര്യപ്രകാശം നേടാൻ ശ്രദ്ധിക്കുമ്പോഴാണ് ഈ പ്രശ്നം. ഇതേ ഉദ്ദേശവുമായി വരുന്ന അയാൽക്കാരനെ എന്തു ചെ.യ്യണം? മത്സരിക്കണോ? അതോ കിട്ടുന്ന സൂര്യപ്രകാശം കൊണ്ട് തൃപ്തിയാകണോ? ഈ ചോദ്യങ്ങൾക്കുത്തരമാണ് നിത്യ ഹരിത വനങ്ങളിലെ ഇലച്ചാർത്തുകൾ തമ്മിലുള്ള അകലം തീർക്കുന്ന രമ്യമായ ആകാശ കാഴ്ചയൊരുക്കുന്ന വഴികൾ. അയൽക്കാർക്കിടയിൽ മതിലുകളല്ല, മറയേതുമില്ലാതെ താഴെ നിന്ന് വളർന്നു വരുന്ന പുത്തൻ തല മുറയ്ക്കായി സൂര്യപ്രകാശം താഴേക്ക് പോകുവാനയക്കുന്ന ഒരെ വീതിയുള്ള സ്നേഹവഴികൾ. ചിലപ്പോഴൊക്കെ ശാസ്ത്രമെന്നത് പ്രകൃതിയിലെ പാറ്റേണുകൾ കണ്ടുപിടിക്കലാണ്. അവയെ വിശദീകരിക്കലും.

സമുദ്രനിരപ്പിൽനിന്നും 600 മീറ്റർ മുതൽ 2000 മീറ്റർ വരെ ഉയർന്നു പോകുന്ന തുടർച്ചയായുള്ള കാടുള്ളിടങ്ങളിൽ താഴെനിന്ന് മുകളിലേക്ക് യാത്ര ചെയ്യുമ്പോൾ സസ്യസമൂഹത്തിൽ വരുന്ന മാറ്റങ്ങൾ എന്തൊക്കെയാവും? അതിനനുസൃതമായി പക്ഷി സമൂഹങ്ങളിൽ വരുന്ന മാറ്റങ്ങൾ എന്തൊക്കെ? മൂന്ന് നാല് വർഷത്തോളം ഉത്തരം തേടി ചെടികളേയും മരങ്ങളേയും അറിഞ്ഞും അളന്നും പക്ഷികളെ നിരന്തരമായി പിൻതുടർന്നും പക്ഷിക്കൂടുകൾ മാത്രം കണ്ടെത്തുന്നവയായി സ്പെഷ്യലസ് ചെയ്ത് പോയ കണ്ണുകളുമായി. അന്വേഷിച്ചു കണ്ടെത്തിയതത്രയും മുന്നിൽ വച്ച് ഈ ബന്ധങ്ങളെ കണക്കിന്റെ ഭഷയിലെഴുതാൻ. സസ്യ–പക്ഷി സമൂഹങ്ങളുടെ കൊടുക്കൽ വാങ്ങലുകളെ ഒരു സൂത്രവാക്യത്തിലൊതുക്കാൻ അനൂപിനൊപ്പം ശ്രമിക്കുന്നതിനിടെ, റാഷീദിന്റെ അശരീരി:

"As per the laws of aerodynamics,
The bumble bee cannot fly.
The bumble bee doesn't know that.
It flies anyway."

ചിലപ്പോഴൊക്കെ ശാസ്ത്രം ഇങ്ങനെയുമാണ്. കാഴ്ചയുടെ കൗതുകത്തിൽനിന്നു തുടങ്ങി. അതിനെ അറിവിനോട് ചേർത്തുവെയ്ക്കുമ്പോൾ കാണുന്ന പാറ്റേണുകളേയും പൊരുത്തക്കേടുകളേയും പിൻപറ്റി കൂടുതൽ നിരീക്ഷണങ്ങളിലേക്കും പരീക്ഷണങ്ങളിലേക്കും വളർന്ന്, സാമാന്യ നിയമങ്ങളിലേക്കെത്താനുള്ള യാത്ര. വഴിനീളം ആശ്ചര്യവും കൊതിപ്പിക്കുന്ന തിരിച്ചറിവുകളും. ഇതുവരെ ആരും കാണാത്ത കാഴ്ചകളും. സ്വയം നല്ല ബോധ്യമുള്ള വസ്തുതകൾക്ക് തെളിവുകൾ

കണ്ടെത്തലും. ഏറ്റവും കൃത്യമായ ഭാഷയായ കണക്കിലേക്ക് അവയെ പരിവർത്തനം ചെയ്യലും. നിരാശയും സങ്കടവും. ആഹ്ളാദവും ഇടകലർന്ന് ആവർത്തിച്ചാവർത്തിച്ചു വരുന്ന, ധാരാളമായി കളിയാക്കലുകൾ കേൾക്കണ യാത്ര. രസാണിത്.

വൈദ്യുതിയില്ലാത്തതിനാൽ സ്വിച്ച് - ഓഫ് ചെയ്തുവച്ച ഫോണിനെ ഉണർത്തിയപ്പോൾ സന്ദേശങ്ങൾ. ഓരോ യാത്രയും പ്രിയപ്പെട്ടവരിൽ നിന്നുള്ള ഓടിപ്പോകലാണ്. കെട്ടിയിടുന്ന മിഴിയിഴകളുടെയും മുടിയിഴകളുടെയും ദൃഢമായ പരീക്ഷിക്കലാണ്. സ്നേഹമത്രയും ആധിയും വ്യാധിയുമായി പടർന്ന് മനസ്സ് വേവുന്ന, വേവിനെ അറിയുന്ന സമയഖണ്ഡങ്ങളാണവ. ചുറ്റുമുള്ള കരുതലിനെ, സ്നേഹത്തെ, ബാധ്യതകളെ, ശ്വാസം തരുകയും കൊടുക്കുകയും ചെയ്യുന്ന പ്രണയത്തെയും അകലെയാക്കി അശാന്തിയെ പുണരലാണ് ഓരോ യാത്രയും. ശാസ്ത്രവും. വാർപ്പ് മാതൃകകളെ വിട്ട്, സർവ്വവും വിശദീകരിക്കുന്ന ദൈവത്തെ വിട്ട്, വർത്തമാനപത്രം വിട്ട്, വിഡ്ഢിപ്പെട്ടി വിട്ട്, ഒറ്റക്ക് വല്ലാതെ ഏകാകിയായി നടത്തുന്ന, സംശയങ്ങളും. വ്യഗ്രതയും, ജിജ്ഞാസയും ഊർജ്ജം പകരുന്ന യാത്ര.

വീണ്ടും അശരീരി: "പരിണാമവീഥിയുടെ തുടക്കം അമീബയാണെന്നും അവസാനം മനുഷ്യനാണെന്നും പറഞ്ഞത് അമീബയല്ല, മനുഷ്യനാണ്."

കല്ലില്ലുടക്കി മുന്നോട്ട് പോകാനാവാതെ പലപേർ ചേർന്ന് തള്ളി കയറുന്നതിനിടെ ജീപ്പിന്റെ ടയർ കത്തിയ ഗന്ധം.

മലയിറങ്ങുന്നതിനിടയ്ക്ക് വച്ച് ഒരിത്തിരിനീളം സമതലത്തിലൂടെ ഓടി ഒരു വളവ് തിരിഞ്ഞപ്പോൾ റോഡിനു കുറുകെ തിരക്കുപിടിച്ച് ഓടിപോകുന്ന ഒരു ജീവി. ജീപ്പു നിർത്തി.

വളരെ വലിയ ഒരു പൂച്ചയെപ്പോലെ ദേഹമാസകലം നീളൻ രോമങ്ങളുടെ പുതപ്പ്. തീമഞ്ഞ നിറം.

സമൃദ്ധമായ വാലിന്റെ അറ്റത്ത് അര അടിയോളം കറുപ്പുനിറം. ഇടതുവശത്തെ കയറ്റം കയറി മുകളിലെത്തി. പിൻകാലുകളിലൂന്നി എണീറ്റു നിന്ന് അത് തിരിഞ്ഞു നോക്കി. ജീപ്പിന്റെ പുറകിൽനിന്ന് ശബ്ദം താഴ്ത്തി "stripe necked mangoose" എന്ന് അനൂപ്.

മരമേതുമില്ലാതെ ഇടത്തേ കുന്നിൻചരിവിൽ ഏറെ തിരഞ്ഞിട്ടും പിന്നെയതിനെ കണ്ടില്ല.

വാരിയെടുത്ത് നെഞ്ചോടു ചേർക്കാൻ തക്ക സൗന്ദര്യമുണ്ടായിരുന്നു അതിന്.

സ്നേഹമുണ്ടായിരുന്നു എനിക്കും.

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**




കേരളീയം

# പുസ്തകശാല

## പുസ്തകങ്ങൾ

1. **ഇല്ലംനിറ (കഥകൾ)**
   കെ.ആർ. ഇന്ദിര
2. **ചെന്നൈ വിശേഷവും കുറിപ്പുകളും**
   ബിജു എസ്. ബാലൻ
3. **ജാഗ്രതയുടെ കാവൽമാടം**
   കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
   എഡിറ്റർ : കെ.ആർ. ഇന്ദിര
4. **മാർക്സിസത്തിനുശേഷം**
   എഡിറ്റർ : ദിലീപ് രാജ്
5. **പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ**
   എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. **കേരളീയം സൈക്കിൾ പുസ്തകം**
   എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

**കേരളീയം**
**കൊക്കാലെ, തൃശൂർ–21**
**ഫോൺ : 9446576943, 9447674375**
**@ .**



## കേരളീയം കൂട്ടായ്മ

**താങ്കളുടെ സഹായം തേടുന്നു.**
**കൂട്ടായ്മ അംഗത്വം 10,000 രൂപ. ആജീവാനന്ത വരിസംഖ്യ**
വിദേശത്തേക്ക് **8000** രൂപ. ഇന്ത്യയിൽ **5,000** രൂപ
**വാർഷിക വരിസംഖ്യ** 12 ലക്കം :
ഇന്ത്യയിൽ **240** രൂപ, സ്ഥാപനങ്ങൾക്ക് **500** രൂപ, വിദേശത്തേക്ക് **1000** രൂപ
കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ തുടങ്ങിയവ എത്തിക്കുക.
ബന്ധപ്പെടുക : **കേരളീയം, കൊക്കാലെ, തൃശൂർ–21**
**: 9446576943 @ .**